## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 42

28.06.2016 ൽ മറുപടിയ്ക്ക്

### കൊച്ചി മെട്രോ റെയിൽ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. അൻവർ സാദത്ത്
ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ. പി.ടി.തോമസ്
ശ്രീ. ഹൈബി ഈഡൻ

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതി കളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തത് ; | (എ) | സർക്കാർ തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഹൈ പവർ കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിരുന്നു. |
| (ബി) | മുൻ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | (ബി) | ആലുവ മുതൽ പേട്ട വരെയുള്ള മെട്രോയുടെ ഒന്നാംഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. മുട്ടം മുതൽ ഇടപ്പള്ളി വരെ മെട്രോ പരീക്ഷണ ഓട്ടം നടത്തി. |
| (സി) | പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി ഇനി എന്തെല്ലാം പ്രവർത്തികൾ ചെയ്യാനുണ്ട് ; | (സി) | (1) ആലുവ മുതൽ മുട്ടം വരെയും, ഇടപ്പള്ളി മുതൽ മഹാരാജാസ് കോളേജ് വരെയുമുള്ള ആദ്യ റീച്ചിന്റെ ട്രാക്ക്, സിഗ്നലിംഗ്, സിവിൽ ജോലികൾ പൂർത്തീകരിക്കാനുണ്ട്.<br>(2) ആലുവ മുതൽ മഹാരാജാസ് കോളേജ് (റീച്ച് I) വരെയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം.<br>(3) മഹാരാജാസ് കോളേജ് മുതൽ പേട്ട (റീച്ച് II) വരെയുള്ള തുടർ നിർമ്മാണം,<br>(4) ചമ്പക്കര പാലം മുതൽ പേട്ട വരെ റോഡ് വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പ്. |
| (ഡി) | പദ്ധതി ലക്ഷ്യ സമയ ത്തിനുള്ളിൽ പൂർത്തിയാക്കു ന്നതിനായി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊള്ളാ നുദ്ദേശിക്കുന്നത് ? | (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി ഏറ്റെടുക്കാൻ അവശേഷിക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതിനും തയ്യാറെടുപ്പ ജോലികൾ പൂർത്തീകരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ